4000 ബില്ലറുകളും ഉൽപ്പാദിപ്പിക്കുന്ന ഒരു സ്ഥാപനമാണ്. അവരുടെ കീഴിലുള്ള എല്ലാ സ്ഥാപനങ്ങൾക്കും വളരെക്കാലമായി ബില്ലറുകളും നൽകുന്നുണ്ട്. ബഹുമാനപ്പെട്ട മെമ്പർ ചൂണ്ടിക്കാണിച്ചതുപോലെയുള്ള പ്രതിസന്ധി ഈ രംഗത്തിപ്പോൾ ഇല്ല. എന്നുമാത്രമല്ല കുറച്ചൊക്കെ ലാഭമുണ്ടാക്കിക്കൊണ്ട് നല്ലനിലയിൽ തന്നെയാണ് മിക്ക മില്ലുകളും പ്രവർത്തിക്കുന്നത്. കഴിഞ്ഞ രണ്ടുമാസമായി ഈ രംഗത്ത് ടണ്ണിന് ഏകദേശം ഇരുനൂറോളം രൂപ വില കുറഞ്ഞിട്ടുണ്ട്. വില കൂടിയും കുറഞ്ഞുമൊക്കെയിരിക്കുന്നത് സാധാരണമാണ്. 'സിൽക്കി'ന്റെ കാര്യത്തിൽ ഗവൺമെന്റ് മുമ്പോട്ടുവച്ച ഓഫറും പ്രപ്പോസൽസും കണക്കിലെടുക്കണം. ടീർഘകാലകരാർ സംബന്ധിച്ചുള്ള തർക്കത്തിന്റെ അടിസ്ഥാനത്തിൽ ബേപ്പൂരിലെ യൂണിറ്റടക്കമുള്ള സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ലിമിറ്റഡിന്റെ ചില യൂണിറ്റുകളിൽ പണിമുടക്ക് നടക്കുകയാണ്. ആറോ ഏഴോ തവണ മാനേജ്മെന്റും, നാലോ അഞ്ചോ തവണ ലേബർ ഡിപ്പാർട്ടുമെന്റും ചർച്ചകളും നടത്തി. 17-ാം തീയതി മറ്റൊരു ചർച്ച കൂടി നടത്താൻ പോവുകയാണ്. ബ്യൂറോ ഓഫ് പബ്ലിക് എന്റർപ്രൈസസ് ഇതിന്റെ നിലനിൽപ്പും ഭാവിയും എല്ലാം ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട മെമ്പറടക്കം ഇതുമായി ബന്ധപ്പെട്ട എല്ലാപേരോടും എനിക്ക് അഭ്യർത്ഥിക്കാനുള്ളത് ഇതുമായി സഹകരിച്ച് പണിമുടക്ക് അവസാനിപ്പിക്കണമെന്നാണ്. ഇനിയും എന്തെങ്കിലും പ്രശ്നങ്ങൾ ഉണ്ടെങ്കിൽ നമുക്ക് അതെല്ലാം ആലോചിക്കാവുന്നതേയുള്ളൂ.

മി. സ്പീക്കർ : റവന്യൂമിനിസ്റ്ററുടെ, ഇന്നലത്തെ സബ്മിഷനുള്ള മറുപടി പ്രസംഗത്തിന്റെ ബാക്കി തുടരാം.

പയ്യന്നൂർ താലൂക്ക് രൂപീകരിക്കാത്തതിനെപ്പറ്റി

ശ്രീ. എം. വി. രാഘവൻ 10-9-1985-ൽ ഉന്നയിച്ച സബ്മിഷനുള്ള മറുപടി

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. പി. ജെ. ജോസഫ്) : സർ, ഇവിടെ കാസർകോട് ജില്ലാ രൂപീകരണം സംബന്ധിച്ച് നിലവിലുള്ള രണ്ട് താലൂക്കുകളും മാത്രം ഉൾപ്പെടുത്തിക്കൊണ്ട് ജില്ല രൂപീകരിക്കാനാണ് റിപ്പോർട്ട് ലഭിച്ചത്. കൂടുതൽ താലൂക്കുകളും രൂപീകരിക്കുന്ന കാര്യം ഗവൺമെന്റ് തീർച്ചയായിട്ടും പരിഗണിക്കുന്നതാണ്. വളരെക്കാലം കാത്തിരുന്നശേഷം 200-ൽ പരം പുതിയ വില്ലേജുകളും രൂപീകരിക്കുകയുണ്ടായി. അതുപോലെ താലൂക്കുകളുടെ കാര്യവും പരിഗണിക്കണമെന്നാണ് ഗവൺമെന്റ് വിചാരിക്കുന്നത്. ആ അവസരത്തിൽ ഈ നിർദ്ദേശം പരിഗണിക്കുന്നതാണ്.

IV റിപ്പോർട്ട് സമർപ്പണം

പട്ടികജാതി പട്ടികവർഗ്ഗക്ഷേമ സമിതിയുടെ അഞ്ചാമതു റിപ്പോർട്ട്

ശ്രീ. കെ. രാഘവൻ മാസ്റ്റർ : സർ, പട്ടികജാതി—പട്ടികവർഗ്ഗക്ഷേമസമിതിയുടെ അഞ്ചാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly